# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5854** — **30-7-2015** ലെ മറുപടിക്ക്

## സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി

**ചോദ്യം**

ശ്രീ. കെ.രാധാകൃഷ്ണൻ

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാര ത്തിൽ വന്ന തിനുശേഷം പുതുതായി എത്ര സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടു ണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തി ൽ ആകെ 1664 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയിട്ടു ണ്ട്. ഇവയെ ല്ലാം പ്രവർത്തിക്കു ന്ന വയാണ്. 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകിയതിന് ശേഷം പ്രത്യേകമായി പ്രവർത്തനാനുമതി നൽകേണ്ടതില്ല.

രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കു കൾ ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 272 |
| കൊല്ലം | 126 |
| പത്തനംതിട്ട | 48 |
| ആലപ്പുഴ | 45 |
| കോട്ടയം | 78 |
| ഇടുക്കി | 57 |
| എറണാകുളം | 116 |
| തൃശ്ശൂർ | 143 |
| പാലക്കാട് | 107 |
| മലപ്പുറം | 121 |
| കോഴിക്കോട് | 210 |
| വയനാട് | 28 |
| കണ്ണൂർ | 193 |
| കാസർഗോഡ് | 94 |
| ഒന്നിൽകൂടുതൽ ജില്ലകളിലോ സംസ്ഥാനം മുഴുവനായോ പ്രവർത്തനപരിധിയായി രജിസ്റ്റർ ചെയ്ത സംഘങ്ങൾ | 26 |
| ആകെ | 1664 |

ബി) വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സംഘങ്ങളുടെ പരിധിക്കുള്ളിൽ പുതിയ സംഘങ്ങൾ അനുവദിക്കുന്നതു നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നത് സംബന്ധിച്ചു വിശദീകരിക്കുമോ;

(ബി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 7(1)(സി) പ്രകാരം ഒരു സംഘം രജിസ്റ്റർ ചെയ്യുമ്പോൾ നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി അതേവിഭാഗത്തിൽ നിലവിലുള്ള മറ്റൊരു സംഘത്തിന്റെ പ്രവർത്തന പരിധിയിൽ അനുവദിച്ച് നൽകുകയില്ല. ചില പ്രത്യേക വിഭാഗം സംഘങ്ങൾക്ക് ടി വ്യവസ്ഥയിൽ നിന്നും സ്ഥിരമായി സർക്കാർ ഇളവ് നൽകിയിട്ടുണ്ട്.

എന്നാൽ ചില സംഘങ്ങളുടെ പ്രവർത്തന പരിധിയിലെ ജനസംഖ്യ, ബാങ്കിംഗ് സൗകര്യങ്ങളുടെ കുറവ്, ഉയർന്ന തോതിലുള്ള നിക്ഷേപ ലഭ്യത, മേഖലയിലെ സാമ്പത്തിക പരാധീനതകൾ, വായ്പാ ലഭ്യത വർദ്ധിപ്പിക്കേണ്ട സാഹചര്യം, സംഘങ്ങളുടെ കൈവശമുള്ള നിക്ഷേപങ്ങളുടെ ഫലപ്രദവും കാര്യക്ഷമവുമായ വിനിയോഗം തുടങ്ങിയ വിവിധ കാരണങ്ങളാൽ മറ്റൊരു സംഘത്തിന് ടി പ്രവർത്തന പരിധിയിലെ ചില പ്രദേശങ്ങളിൽ പ്രവർത്തനാനുമതി നൽകേണ്ട സാഹചര്യം ഉണ്ടെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട നിയമവ്യവസ്ഥയിൽ നിന്നും ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ച് നൽകാറുണ്ട്. അപ്രകാരം ഉത്തരവ് നൽകുമ്പോൾ ടി പ്രവർത്തന പരിധിയിൽ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനങ്ങളെയും നിലനിൽപ്പിനെയും ദോഷകരമായി ബാധിക്കുമോയെന്നതുകൂടി പരിഗണിക്കാറുണ്ട്.

സി) എങ്കിൽ നിലവിലുള്ള സംഘങ്ങൾ സാങ്കേതികമായി ഇതര സ്വഭാവത്തിലുള്ളവയാണെങ്കിലും അവയുടെ പരിധിയിൽ പുതിയ സംഘങ്ങൾ അനുവദിക്കുന്ന നടപടികൾ ഒഴിവാക്കാമോ?

സി) സഹകരണ നിയമം വകുപ്പ് 7(1)(സി) പ്രകാരം ഇതര സ്വഭാവത്തിലുള്ള സംഘങ്ങൾ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അനുവദിക്കുന്നതിന് തടസ്സമില്ല. സഹകരണ ചട്ടം 15 പ്രകാരമുള്ള ഓരോതരം സംഘങ്ങളുടെയും മുഖ്യ ഉദ്ദേശ്യലക്ഷ്യം വ്യത്യസ്തവും ഒരു പ്രത്യേക മേഖലയുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ളതുമാണ്. ആകയാൽ ഇതര സ്വഭാവത്തിലുള്ള പുതിയ സംഘങ്ങൾ, നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അനുവദിക്കുന്നത് ഒഴിവാക്കേണ്ട സാഹചര്യം വരുന്നില്ല.

സെക്ഷൻ ഓഫീസർ